# പതിമൂന്നാം കേരള നിയമസഭ
## ഒന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 241* 15.7.2011 ൽ മറുപടിക്ക്

## റോഡുകളുടെ അറ്റകുറ്റപ്പണി

**ചോദ്യം**

ശ്രീ. പി.ബി അബ്ദുൾ റസാക്
" റ്റി.എ. അഹമ്മദ് കബീർ
" അബ്ദുറഹിമാൻ രണ്ടത്താണി
" എൻ. ഷംസുദ്ദീൻ

(എ)

റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കാമോ ;

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പ് മന്ത്രി)

(എ) ഓരോ ജില്ലകളിലും ചെയ്തു തീർക്കേണ്ട അറ്റകുറ്റപ്പണികൾ സംബന്ധിച്ച ശുപാർശകൾ, സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി മുമ്പാകെ അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സമർപ്പിക്കുകയും കമ്മറ്റിയിൽ ചർച്ച ചെയ്ത് അംഗീകാരം നൽകുകയും ചെയ്യും. അതനുസരിച്ച് ഓരോ ജില്ലയിലും അറ്റകുറ്റപ്പണികൾ നടത്തി വരുന്നു. ഇതു കൂടാതെ, അടിയന്തര അറ്റകുറ്റപ്പണികൾക്ക് വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുള്ളതാണ്. ദേശീയപാതാ വിഭാഗത്തിൽ വിവിധ പദ്ധതികളിൻ കീഴിൽ റോഡിന്റെ അറ്റകുറ്റപ്പണി നടത്തി വരുന്നു. ഇതിനു ആവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു.

(ബി) ഈ സംവിധാനത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഈ സംവിധാനത്തിൽ മൗലികമായ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ റോഡുകളുടെ നിർമ്മാണം കൂടുതൽ ശാസ്ത്രീയവും മെച്ചപ്പെട്ടതും ആക്കുന്നതിനും അതിലൂടെ അറ്റകുറ്റപ്പണികൾ താരതമ്യേന ഒഴിവാക്കുന്നതിനും മുൻഗണന നൽകും. ദേശീയ പാതാ വിഭാഗത്തിൽ ബി.ഒ.റ്റി അടിസ്ഥാനത്തിൽ ചെയ്യുന്ന റോഡു പണികൾക്ക് കൺസെഷണർ കമ്പനി തന്നെ നിശ്ചിത കാലത്തേക്ക് അറ്റകുറ്റപ്പണികൾ ചെയ്യണമെന്ന നിബന്ധന ഉണ്ട്. കൂടാതെ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് റോഡിലെ കുഴികൾ നികത്തുന്നതിനുള്ള പോട്ട് ഹോൾ ഫില്ലിംഗ് മെഷീൻ വാങ്ങി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ഡിവിഷനിൽ ഉപയോഗിച്ച് വരുന്നുണ്ട്.

(സി) പുതുതായി നിർമ്മിക്കുന്ന റോഡുകൾക്കും, റീടാറിംഗിനും ഗാരന്റി പീരിയഡ് നിശ്ചയിക്കുന്ന സമ്പ്രദായം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഓരോന്നിനും എത്ര വർഷമാണ് ഗാരന്റി നിശ്ചയിച്ചിട്ടുള്ളത് ;

(സി) പുതിയ പ്രവൃത്തികൾക്ക് ഒന്നര വർഷവും റീ ടാറിംഗ് പ്രവൃത്തികൾക്ക് ഒരു വർഷവും നിലവിൽ ഗ്യാരണ്ടി പിരിയഡായി നിരത്തു വിഭാഗത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

— — — — — ——

| | |
|---|---|
| (ഡി) ഗാരന്റി പീരിയഡിനുള്ളിൽ വരുന്ന അറ്റകുറ്റപ്പണികൾ ഒറിജിനൽ കോൺട്രാക്ടർ പരിഹരിക്കുന്നില്ലാ യെങ്കിൽ സ്വീകരിച്ചുവരുന്ന നടപടിക്രമം വിശദമാക്കുമോ; | (ഡി) കരാർ തുകയിൽ നിന്നും ഈടാക്കിയ security deposit ഉപയോഗിച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്. ഈ security deposit തുകയും തികയാതെ വരുകയാണെങ്കിൽ revenue recovery ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം കരാറുകാരന് മറ്റ് വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട തുക മരവിപ്പിക്കുകയും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ഇ) ഗാരന്റി പിരിയഡിനുശേഷം ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ അപ്പപ്പോൾ ചെയ്യുന്നതിന് ഓരോ സബ്ഡിവിഷന്റെ കീഴിലും സ്ഥിരം സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതു പരിശോധിക്കുമോ ? | (ഇ) സ്ഥിരം സംവിധാനം നിലവിലുണ്ട് |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 242

16..07..2011 -ൽ
മറുപടിയ്ക്ക്.

## സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് പദ്ധതി

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. എം. എ. ബേബി<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ഡോ. കെ. ടി. ജലീൽ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നത് നിലവിലുള്ള വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രയോജനകരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഉണ്ട്. സാങ്കേതിക സർവ്വകലാശാല നിലവിൽ വരുമ്പോൾ കോളേജുകൾക്ക് അക്കാദമിക് കാര്യങ്ങളിൽ സ്വയംഭരണം ലഭിക്കും. ആയതിനാൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടും. ദേശീയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്തിരിക്കുന്ന സർവ്വകലാശാല നിലവാരവും ഗവേഷണ പരിജ്ഞാനവുമുള്ള കോളേജുകൾ എന്ന നിലയിലേയ്ക്ക് ഓരോ കോളേജിനെയും മാറ്റിയെടുക്കുവാനും എ.ഐ.സി.റ്റി.ഇ.-യുടെ ഏകീകൃത കരിക്കുലം വ്യവസ്ഥ നടപ്പിലാക്കാനും ഇതുവഴി സാധിക്കും. |
| (സി) സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുമ്പോൾ നിലവിലെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സ്ഥലംമാറ്റമടക്കമുള്ള ഘടനകളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 243*　　15.07.2011 ൽ മറുപടിക്ക്

# ഡ്രെയ്നേജ് സംവിധാനം

**ചോദ്യം**

ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ എം. പി. വിൻസെന്റ്

(എ) പുനരുദ്ധാരണം നടത്തിയ പി.ഡബ്ല്യു.ഡി റോഡുകൾ മഴക്കാലം കഴിയുമ്പോൾ താറുമാറാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡിന്റെ വശങ്ങളിൽ ഓടകൾ നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുമോ ; ഇതിനായി ബഡ്ജറ്റിൽ പണം അനുവദിക്കുമോ ;

(സി) റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ഡ്രെയ്നേജ് സംവിധാനം കുറ്റമറ്റതാക്കുന്നതിനും പ്രത്യേക പദ്ധതികൾ പ്രഖ്യാപിക്കുമോ ?

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ) ചിലയിടങ്ങളിൽ ഇപ്രകാരം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) & (സി)

റോഡുകളുടെ നിർമ്മാണത്തോടൊപ്പം തന്നെ ആവശ്യമായ ഇടങ്ങളിൽ ഓടകൾ പണിയുന്നതിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. ദേശീയപാതയുടെ സമഗ്രമായ വികസനം എൻ.എച്ച്.ഡി.പി. മുഖാന്തിരം ചെയ്യുമ്പോൾ വശങ്ങളിൽ ഓടകളോട് കൂടിയായിരിക്കും പണികൾ നടത്തുക. നിലവിലെ ദേശീയപാതകളിൽ ഗതാഗത സുരക്ഷാമാനദണ്ഡങ്ങൾ പ്രകാരം അത്യാവശ്യമുള്ള ഇടങ്ങളിൽ ഓടകൾ നിർമ്മിക്കാൻ കേന്ദ്രം അംഗീകാരം തരാറുള്ളതും പണികൾ നടത്താറുള്ളതുമാണ്. കെ.എസ്.ടി.പി.പദ്ധതിയിൽപ്പെടുത്തി ചെയ്യുന്ന റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ഓടകൾ നിർമ്മിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 244 15/7/2011-ൽ മറുപടിക്ക്

## ഇ-ഹൗസിംഗ് പദ്ധതി

ചോദ്യം

ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കെ. നാരായണൻ

മറുപടി

ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ സഹായം സുതാര്യമായി വിതരണം ചെയ്യുന്നതിന് ഇ-ഹൗസിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ എപ്പോൾ എന്ന് അറിയിക്കുമോ ; | (എ) | ഉണ്ട്. 2011-12 വർഷം മുതൽ സ.ഉ.(അ)111/10/പജ.പവ.വി.വ. തീയതി 3-11-2010 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | ഭവന നിർമ്മാണ ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന അർഹതയുള്ള അപേക്ഷകളും അനുബന്ധരേഖകളും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ ഓൺലൈനായി ജില്ലാ പട്ടികജാതി വികസന ഓഫീസിലേയ്ക്ക് അയക്കുന്നു. ഓൺ ലൈൻ വഴി ലഭിക്കുന്ന അപേക്ഷകൾ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ പരിശോധിച്ച് തുക അനുവദിക്കുന്നതിനുള്ള ഉത്തരവ് തയ്യാറാക്കുന്നു. ഗുണഭോക്താവ് താമസസ്ഥലത്തിനടുത്തുള്ള പോസ്റ്റ് |

| | | | |
|---|---|---|---|
| | | | ഓഫിസിൽ സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കേണ്ടതും അക്കൗണ്ട് നമ്പർ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറെ ഏൽപ്പിക്കേണ്ടതും നിർദ്ദിഷ്ട മാതൃകയിലുള്ള എഗ്രിമെന്റ് വെയ്ക്കേണ്ട തുമാണ്. പട്ടികജാതി വികസന ഓഫീസർമാർ വിതരണം ചെയ്യേണ്ട തുകയുടെ വിശദ വിവരം ഓൺലൈനായി ജില്ലാ പട്ടികജാതി വികസന ഓഫീസറെ അറിയിക്കുകയും അവിടെ നിന്നും തുക മാറി ഡിമാൻഡ് ഡ്രാഫ്റ്റായി ഹെഡ് പോസ്റ്റ് ഓഫീസുകളിൽ എത്തിക്കുകയും ചെയ്യുന്നു. തുക ലഭിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളെ വിവരം പോസ്റ്റ് ഓഫീസിൽ നിന്നു തന്നെ അറിയിക്കുന്നു. ഗുണഭോക്താവിന് സബ് പോസ്റ്റ് ഓഫീസിൽ നിന്നും തുക മാറാവുന്നതാണ്. |
| (സി) | ഇ-ഹൗസിംഗ് പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് ? | (സി) | നാളിതുവരെ 1196 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *245

15.07.2011- ൽ
മറുപടിയ്ക്ക്

## പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) |
| (എ) ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പുതിയ പരിപാടികളാണ് പരിഗണിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (എ) ഗവേഷണ പ്രവർത്തങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ചുവടെ പറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>1) ശാസ്ത്രസാങ്കേതിക രംഗത്തെ ഗവേഷണവികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നവീന ആശയങ്ങളും സങ്കേതങ്ങളും സൃഷ്ടിക്കപ്പെടാനുള്ള പ്രോത്സാഹനം നൽകുന്നതിനുമായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് വളപ്പിൽ ഒരു ഗവേഷണപാർക്ക്.<br><br>2) ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് മേഖലയിൽ പ്രായോഗിക ഗവേഷണം സാങ്കേതിക വിദ്യാ കൈമാറ്റം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് വളപ്പിൽ ഒരു ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ. സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഗവേഷണത്തിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണ് ; | (ബി) | സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കാനും എഞ്ചിനീയറിംഗ് ഗവേഷണം പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിച്ച് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആസ്ഥാനമായി സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഗവേഷണത്തിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ട്. റിസർച്ചുകൾ നടത്തുന്നതിലേക്കായി സ്റ്റേറ്റ് മെഡിക്കൽ റിസർച്ച് ബോർഡിന്റെ ഗ്രാന്റ് വർഷം തോറും ലഭിക്കുന്നുണ്ട്. റിസർച്ചുകൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ഓരോ മെഡിക്കൽ കോളേജുകളിലും എത്തിക്സ് കമ്മിറ്റികളും ഇൻസ്റ്റിറ്റ്യൂഷണൽ റിസർച്ച് കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. ഗവേഷണ പ്രവർത്തനങ്ങൾക്കായി സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് വഴി ലഭ്യമാകുന്ന തുക ഓരോ സ്ഥാപനത്തിലും വിനിയോഗിക്കുന്നുണ്ട്. |
| (സി) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സാമൂഹ്യനീതിയും ഗുണനിലവാരവും ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) | സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ സീനിയർ അദ്ധ്യാപകരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ആദ്യഘട്ടമായി 28 സ്വാശ്രയ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധന നടത്തുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, AICTE നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ സർവ്വകലാശാലകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. രണ്ടും, മൂന്നും ഘട്ടങ്ങളിലായി ശേഷിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും വിദഗ്ദ്ധസമിതി പരിശോധന നടത്തുന്നതാണ്. |

സ്വാശ്രയകോളേജുകളിൽ
സാമൂഹ്യ നീതിയും
ഗുണനിലവാരവും ഉറപ്പു
വരുത്തുന്നതിന്റെ ഭാഗമായി
പുതിയ സ്ഥാപനങ്ങൾ/
കോഴ്സുകൾ ആരംഭിക്കാൻ
അനുവാദം നൽകുന്നതിന് മുമ്പ്
പ്രസ്തുത സ്ഥാപനങ്ങളുടെ
മാനേജ്മെന്റുകൾ 50% സീറ്റ് പങ്കു
വയ്ക്കൽ അഡ്മിഷൻ, ട്യൂഷൻ
ഫീസ്, അടിസ്ഥാന സൗകര്യം
ഉറപ്പാക്കൽ എന്നിവ സംബന്ധിച്ച്
സർക്കാരുമായി കരാറിൽ
ഏർപ്പെടുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 246 — 15/07/2011-ൽ മറുപടിക്ക്

### രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ:<br>" ഇ. കെ. വിജയൻ:<br>" ഇ. ചന്ദ്രശേഖരൻ:<br>" വി. ശശി: | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം ഇതുവരെ എന്തു ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | ആരംഭിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 2009-10 വർഷം 24.28 കോടി രൂപയും 2010-11 വർഷം 7.79 കോടി രൂപയും കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. |
| ബി) | പദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ട് എത്ര തുക വീതം ഏതെല്ലാം പദ്ധതികൾക്കായി ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | 2009-10 വർഷം അംഗീകരിച്ച 47.78 കോടി രൂപയിൽ 60 സ്കൂളുകൾ ഹൈസ്കൂളുകളാക്കുന്നതിനായി ഓരോ സ്കൂളിനും 58.12 ലക്ഷം രൂപ വീതം 34.87 കോടി രൂപയും സ്കൂൾ വാർഷിക ഗ്രാന്റായി സ്കൂൾ ഒന്നിന് 40,000 രൂപാ വീതം 4.08 കോടി രൂപയും അറ്റകുറ്റപണിക്കായി സ്കൂൾ ഒന്നിന് 25,000 രൂപാ വീതം 2.55 കോടി രൂപയും അദ്ധ്യാപക പരിശീലനത്തിനായി 5.45 കോടി രൂപയുമുള്ള അംഗീകാരമാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചത്.<br>2010-11 വർഷത്തിൽ അംഗീകാരം ലഭിച്ച 122.61 കോടി രൂപ 36 സ്കൂളുകൾ ഹൈസ്കൂളുകളാക്കുന്നതിന് 20.92 കോടി രൂപയും 337 ക്ലാസ്സ് റൂമുകൾ നിർമ്മിക്കുന്നതിന് 18.97 കോടി രൂപയും 238 സയൻസ് ലാബ് നിർമ്മിക്കുന്നതിനും ലാബ് ഉപകരണങ്ങൾക്കുമായി 16.89 കോടി രൂപയും 243 കമ്പ്യൂട്ടർ റൂമുകൾ നിർമ്മിക്കുന്നതിനായി 12.15 കോടി രൂപയും 238 ആർട്ട് & ക്രാഫ്റ്റ് റൂമുകൾക്കായി 11.9 കോടി രൂപയും 146 ലൈബ്രറികൾ നിർമ്മിക്കുന്നതിനായി 10.22 കോടി രൂപയും 31 ടോയിലറ്റ് നിർമ്മിക്കുന്നതിനായി 31 ലക്ഷം രൂപയും 5 സ്കൂളുകളിൽ കുടിവെള്ള |

(........2)

സൗകര്യത്തിനായി 5.5 ലക്ഷം രൂപയും 162 സ്കൂളുകളിൽ മേജർ റിപ്പയറിനായി 4.91 കോടി രൂപയും 111 അദ്ധ്യാപക ക്വാട്ടേഴ്സിനായി 6.66 കോടി രൂപയ്ക്കും 1030 സ്കൂളുകൾക്ക് വാർഷിക ഗ്രാന്റായി 5.51 കോടി രൂപയും 997 സ്കൂളുകൾക്ക് ചെറിയ അറ്റകുറ്റപണികൾക്കായി 2.49 കോടി രൂപയും അദ്ധ്യാപക പരിശീലനത്തിനായി 5.37 കോടി രൂപയും പ്രധാന അദ്ധ്യാപക പരിശീലനത്തിനായി 10.30 ലക്ഷം രൂപയും പഠനത്തിൽ പിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സുകൾ നൽകുന്നതായി 1.80 കോടി രൂപയും 100 സ്കൂളുകളിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ഒരു കോടി രൂപയും അദ്ധ്യാപകർക്ക് ഓൺ സൈറ്റ് സപ്പോർട്ട് നൽകുന്നതിലേയ്ക്കായി 9.66 ലക്ഷം രൂപയും പ്രധാന അദ്ധ്യാപകർക്ക് ഗൈഡൻസ് ആന്റ് കൗൺസിലിംഗ് പരിശീലനത്തിനായി 10 ലക്ഷം രൂപയുമുള്ള അംഗീകാരമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്.

| | | | |
|---|---|---|---|
| സി) | ഈ പദ്ധതിയിൻകീഴിൽ എത്ര സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | സി) | 2009-10 വർഷം അംഗീകാരം ലഭിച്ച 60 സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തിയിട്ടുണ്ട്. 2010-11 വർഷം അംഗീകാരം ലഭിച്ച 36 സ്കൂളുകൾ ആരംഭിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) | രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ഡി) | 14 നും 18നും ഇടയിൽ പ്രായമുള്ള എല്ലാവർക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം നൽകുക എന്നതാണ് രാഷ്ട്രിയ മാധ്യമിക് ശിക്ഷാ അഭിയാന്റെ പ്രധാന ലക്ഷ്യം. |

ആർ.എം.എസ്.എ. പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- എല്ലാ സെക്കന്ററി സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപകരും മറ്റ് അവശ്യ സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പാക്കുക.
- ഓരോ 5 കിലോമീറ്ററിനുള്ളിൽ ഒരു ഹൈസ്കൂളെങ്കിലും, 7-10 കിലോമീറ്ററിനുള്ളിൽ ഒരു ഹയർ സെക്കന്ററി സ്കൂളെങ്കിലും സ്ഥാപിച്ചും ആവശ്യമായ യാത്രാ സൗകര്യങ്ങൾ ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നൽകിയും എല്ലാവർക്കും സ്കൂളിലെത്താനുള്ള സൗകര്യം ഒരുക്കുക.

- സ്ത്രീ-പുരുഷ, ജാതി-മത സാമ്പത്തിക, ശാരീരിക വൈകല്യ വ്യത്യാസങ്ങളാൽ ഒരു കുട്ടി പോലും സ്കൂളിലെത്താതിരിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുക.
- സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനായി പാഠ്യപദ്ധതി പരിഷ്ക്കരിക്കുക.
- എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 247 15.07.2011 ൽ മറുപടിക്ക്**

**പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കോലിയക്കോട് എൻ കൃഷ്ണൻ നായർ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു:വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (പി.പി.പി) സ്കൂളുകൾ ആരംഭിക്കാൻ ആലോചിച്ചിട്ടുണ്ടോ; ഇതൊരു നയമായി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) | പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സ്ക്കൂളുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| ബി) എത്ര സ്കൂളുകളാണ് ഇപ്രകാരം തുടങ്ങാൻ ഉദ്ദേശിക്കുന്നത്;<br>സി) ഇത്തരം സ്കൂളുകൾക്ക് എൻ.ഒ.സി നൽകാനുള്ള മാനദണ്ഡം എന്താണ്? | ബി & സി | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 248 — 15. 7. 2011-ൽ മറുപടിക്കുള്ളത്.

**ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ഇ. പി.ജയരാജൻ<br>ശ്രീ. എം.ഹംസ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നിട്ട് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ആയിരക്കണക്കിന് ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാനായി അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | അത്രയും ഭൂമി ഏറ്റെടുത്തു കൊണ്ട് മുഴുവൻ ഭൂരഹിതർക്കും ഭൂമി വിതരണം ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; | (ബി) | വിവിധ ടി.എൽ.ബികളിൽ തീർപ്പാക്കുവാൻ ശേഷിക്കുന്ന സീലിംഗ് കേസുകളിൽ നടപടികൾ ത്വരിതപ്പെടുത്തി അവ തീർപ്പാക്കുന്നതിന് ടി.എൽ.ബികൾക്ക് ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br>ഏറ്റെടുത്ത മിച്ചഭൂമിയിലെ അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് മിച്ചഭൂമി അർഹതയുള്ളവർക്ക് പതിച്ചു നൽകുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മിച്ചഭൂമി പതിച്ചു നൽകുന്നതിന് ജില്ലാകളക്ടർമാർക്ക് മാസലക്ഷ്യം നിശ്ചയിച്ചു നൽകിയിട്ടുണ്ട്.<br>ഏറ്റെടുക്കാൻ ബാക്കിയുള്ള മിച്ചഭൂമി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട തഹസീൽദാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കോടതികളിൽ തീർപ്പാക്കാൻ ബാക്കിയുള്ള കേസുകളിൽ ലാഓഫീസർ മുഖാന്തിരം നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിക്ഷിപ്ത വനഭൂമി തർക്കങ്ങളും സിവിൽ കേസ്സുകളും വേഗത്തിൽ തീർപ്പാക്കാനുള്ള കർശന നടപടികൾ ഇനിയും തുടരുമോ; | (സി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 125-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം സിവിൽ കോടതികൾക്ക് സീലിംഗ് കേസുകളിൽ ഇടപെടുന്നതിന് അധികാരമില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സിവിൽ കോടതികളിൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ, ടി വ്യവസ്ഥ ബഹു. കോടതികളുടെ ശ്രദ്ധയിൽപ്പെടുത്തി ടി കേസുകൾ തള്ളി തീരുമാനം എടുപ്പിക്കുന്നതിന് അതാതു ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>നിക്ഷിപ്ത വനഭൂമി ഉൾപെട്ടിട്ടുള്ള സീലിംഗ് കേസ്സുകളിൽ വനംവകുപ്പ് അധികാരികളിൽ നിന്ന് റിപ്പോർട്ടുകൾ ലഭ്യമാക്കി കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ട ടി.എൽ.ബി.കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മുൻ സർക്കാർ ഏറ്റെടുത്ത എത്ര ഏക്കർ മിച്ചഭൂമി എത്ര കുടുംബങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ടെന്ന കണക്കുകൾ ലഭ്യമാണോ; വിശദമാക്കാമോ; | (ഡി) | ജില്ല തിരിച്ചുള്ള വിവരങ്ങൾ കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | ഏറ്റെടുത്ത മിച്ചഭൂമി (ഏക്കറിൽ) | പതിച്ചു കൊടുത്ത മിച്ചഭൂമി (ഏക്കറിൽ) | കുടുംബങ്ങളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 100.74 | 74.83 | 600 | |
| 2 | കൊല്ലം | 0 | 18.87 | 408 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ നിന്നാണ് വിതരണം ചെയ്തിട്ടുള്ളത്. |
| 3 | പത്തനംതിട്ട | 0 | 12.34 | 159 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ നിന്നാണ് വിതരണം ചെയ്തിട്ടുള്ളത്. |
| 4 | ആലപ്പുഴ | 20.67 | 8.10 | 576 | |
| 5 | കോട്ടയം | 11.63 | 38.26 | 421 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ നിന്നു കൂടിയാണ് വിതരണം ചെയ്തിട്ടുള്ളത്. |
| 6 | ഇടുക്കി | 0 | 3.8039 | 44 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ നിന്നാണ് വിതരണം ചെയ്തിട്ടുള്ളത്. |
| 7 | എറണാകുളം | 37.08 | 37.08 | 491 | |
| 8 | തൃശ്ശൂർ | 38.13 | 16.20 | 579 | |
| 9 | പാലക്കാട് | 945.68 | 996.96 | 2990 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ നിന്നുകൂടിയാണ് വിതരണം ചെയ്തിട്ടുള്ളത്. |

| | | | | | |
|---|---|---|---|---|---|
| 10 | മലപ്പുറം | 72.79 | 159.05 | 1472 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ നിന്നുകൂടിയാണ് വിതരണം ചെയ്തിട്ടുള്ളത്. |
| 11 | കോഴിക്കോട് | 333.17 | 147.13 | 1686 | ഇതിൽ അന്യായത്തോട് മിച്ചഭൂമിയിൽ 1101 പേർക്ക് ഔട്ട്ഓഫ് അസൈൻമെന്റ് മാത്രമാണ് നൽകിയിട്ടുള്ളത്. |
| 12 | വയനാട് | 10.60 | 36.53 | 364 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ നിന്നുകൂടിയാണ് വിതരണം ചെയ്തിട്ടുള്ളത്. |
| 13 | കണ്ണൂർ | 162.50.943 | 601.44 | 4721 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ നിന്നുകൂടിയാണ് വിതരണം ചെയ്തിട്ടുള്ളത്. |
| 14 | കാസർഗോഡ് | 1.32 | 340.75 | 1827 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ നിന്നുകൂടിയാണ് വിതരണം ചെയ്തിട്ടുള്ളത്. |
| ആകെ | | 1734.31.943 | 2491.3439 | 16338 | |

## പതിമൂന്നാം കേരള നിയമസഭ
### ഒന്നാംസമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 249*** 15.7.2011 **ൽ മറുപടിക്ക്**

### വ്യാജ ടാർബിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.വിൻസെന്റ്<br>" അൻവർ സാദത്ത്<br>" റ്റി.എൻ.പ്രതാപൻ<br>" ഹൈബി ഈഡൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മുൻസർക്കാരിന്റെ കാലത്ത് വിവിധ ജില്ലകളിൽ കരാർ പണികൾ ചെയ്തുവെന്നു കാണിച്ച് കൃത്രിമമായി ടാർബിൽ തയ്യാറാക്കി വെട്ടിപ്പ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ക്രമക്കേടുകളിലൂടെ എത്ര കോടി രൂപയാണ് സർക്കാരിന് നഷ്ടപ്പെട്ടത് ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ നടത്തിയ ആഡിറ്റിൽ നിരത്ത് വിഭാഗത്തിൽ 6,27,36,316/ രൂപയുടെയും ദേശീയപാതാ വിഭാഗത്തിൽ 8,70,148/ രൂപയുടേയും ക്രമക്കേടുകൾ നടന്നതായി കണ്ടെത്തി- യിട്ടുണ്ട്. ദേശീയ പാതാ വിഭാഗത്തിൽ മൂവാറ്റുപുഴ ഡിവിഷനിലെ ക്രമക്കേടു - കളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) ഈ ക്രമക്കേടുകൾക്കുത്തരവാദികളായ ആർക്കെങ്കിലുമെതിരെ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ ? | (ബി) പോലീസിലെ ക്രൈംബ്രാഞ്ച് വിഭാഗം ഇതിന്മേൽ അന്വേഷണം നടത്തി വരുന്നുണ്ട്. അന്വേഷണത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം
നക്ഷത്രചിഹ്നമിട്ട ചോദ്യം നം.250 15.07.2011 - ൽ മറുപടിക്ക്

## സംസ്ഥാനത്തെ തീരദേശ ഹൈവേ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എളമരം കരീം<br>ശ്രീ. കെ. കെ. നാരായണൻ | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ തീരദേശ ഹൈവേയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | സംസ്ഥാനത്ത് ആലപ്പുഴ ഡിവിഷന്റെ കീഴിൽ വരുന്ന തീരദേശഹൈവേ 52.81 കി.മീ. ആണ്. ഇതിൽ 37.51 കി.മീ. റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. പൊന്നാനി മുതൽ വെങ്ങളം വരെ നീളുന്ന ഒരു തീരദേശ പാതയുടെ നിർമ്മാണത്തെ കുറിച്ചുള്ള പ്രാഥമിക പഠനം നടത്തി ആർ.ബി.ഡി.സി.കെ. (റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇത് തീരദേശ ജില്ലകളുടെ തീരപ്രദേശത്ത് വൻ വികസന സാദ്ധ്യതയാണ് സംഭാവന ചെയ്യാൻ പോകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തീരദേശറോഡിന്റെ ആകെ നീളം എത്ര കിലോമീറ്ററാണ്; ഇതിൽ എത്രത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; | (സി) | പ്രാഥമിക പഠനപ്രകാരം നിർദ്ദിഷ്ട തീരദേശഹൈവേയുടെ പൊന്നാനി മുതൽ വെങ്ങളം വരെയുള്ള നീളം 72 കി.മീ. ആണ്. ഇതിന്റെ നിർമ്മാണം തുടങ്ങിയിട്ടില്ല. ആലപ്പുഴ ഡിവിഷന്റെ കീഴിൽ വരുന്ന തീരദേശഹൈവേ 52.81 കി.മീ. ആണ്. ഇതിൽ 37.51 കി.മീ. റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഹൈവേയിൽ എത്ര പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; ഇനിയും എത്ര പാലങ്ങൾ പൂർത്തീകരിക്കാനുണ്ട്; അവ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പ്രസ്തുത ഹൈവേയിൽ വരുന്ന 10 പാലങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്. ഇനി മൂന്ന് പാലങ്ങൾ കൂടി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. വാടാ പൊഴി പാലം, പൂമീൻപൊഴി പാലം, വാഴക്കൂട്ടം പാലം എന്നിവയാണ് പൂർത്തീകരിക്കാനുള്ളത്. ഇതിൽ വാടാപൊഴി പാലത്തിന്റെ നിർമ്മാണം നടന്നു വരികയാണ്. പൂമീൻപൊഴി പാലം പൊളിച്ച് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. ശോചനീയാവ സ്ഥയിലുള്ള വാഴക്കൂട്ടം പാലത്തിന് പുനർനിർമ്മാണമാണ് നടക്കാനുള്ളത്. പൊന്നാനി - വെങ്ങളം റോഡിന്റെ നിർമ്മാണ ത്തിൽ കോരപ്പുഴ, കല്ലായി, ചാലിയാർ, കടലുണ്ടി, പൂരപ്പുഴ, ഭാരതപ്പുഴ, എന്നീ നദികൾക്ക് കുറുകെ പുതിയ പാലങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. |

Sahtha

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.251 15.07.2011 ൽ മറുപടിയ്ക്ക്

താലൂക്ക് വികസന കൗൺസിലുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം. ആരിഫ്:<br>ശ്രീ. എസ്. ശർമ്മ:<br>ശ്രീ. വി.റ്റി.എ റഹീം:<br>ശ്രീ.കെ.ദാസൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) താലൂക്ക് വികസന കൗൺസിലുകളുടെ പ്രവർത്തനം ഏതെങ്കിലും സർക്കാർ സംവിധാനത്താൽ അവലോകനം ചെയ്യാറുണ്ടോ; | (എ) ഇല്ല |
| (ബി) സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടെയാണോ താലൂക്ക് വികസന കൗൺസിലുകൾ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) അല്ല |
| (സി) കൗൺസിൽ യോഗങ്ങളിൽ ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും നിയമപരമായ ബാദ്ധ്യതയുണ്ടോയെന്നറി യിക്കുമോ; | (സി) താലൂക്ക് വികസന സമിതി യോഗങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് സ.ഉ (കൈയെഴുത്ത്) നമ്പർ 330/2006/RD തീയതി 22.11.2006 പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും വകുപ്പിന്റെ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥന് യോഗത്തിൽ പങ്കെടുക്കാൻ സാധിച്ചില്ലെങ്കിൽ അതിന് ന്യായമായ കാരണങ്ങൾ ബോധിപ്പിച്ച് തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥനെ അയക്കേണ്ടതും ഉദ്യോഗസ്ഥൻമാർ പങ്കെടുത്തില്ലെങ്കിൽ |

| | | | |
|---|---|---|---|
| | | | സമിതി ഉടൻ തന്നെ വകുപ്പ് മേധാവിയെ വിവരം അറിയിക്കേണ്ട താണെന്നും ഉത്തരവിൽ നിർദ്ദേശിച്ചി ട്ടുണ്ട്. |
| (ഡി) | പരാതി പരിശോധന ഉൾപ്പെടെ യുള്ള ആവശ്യങ്ങൾക്കായി യാത്ര ചെയ്യേണ്ട അവസരങ്ങളിൽ അംഗങ്ങൾക്ക് യാത്രപ്പടി നൽ കുന്നില്ലെന്നും അനൗദ്യോഗി കാംഗങ്ങൾക്ക് സിറ്റിംഗ് ഫീസ് ലഭിക്കുന്നില്ലെന്നും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | താലൂക്ക് വികസന കൗൺസിലു കളെ ശക്തിപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നിർദ്ദേശ ങ്ങളാണ് മുന്നോട്ടുവെയ്ക്കുന്ന തെന്ന് വ്യക്തമാക്കുമോ? | (ഇ) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 252 15.07.2011 ൽ മറുപടിക്ക്.

## എസ്. സി. ഇ. ആർ. ടി. യുടെ പുനഃസംഘടന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി .കെ. കെ. ലതിക:<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:<br>ശ്രീമതി. കെ. എസ്. സലീഖ:<br>ഡോ. കെ. ടി. ജലീൽ: | | ശ്രീ പി. കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി | |
| (എ) | വിദ്യാഭ്യാസ ഗവേഷണ സ്ഥാപനമായ എസ്. സി. ഇ .ആർ.ടി പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | എസ്. സി. ഇ. ആർ. ടി യിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>വിശദമാക്കുമോ; | (ബി) | ഉണ്ട്<br>എസ്. സി. ഇ. ആർ. ടി കോമ്പൗണ്ടിൽ ഗസ്റ്റ് ഹൗസ് കം ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള പാഠപുസ്തക സമിതികളിൽ മാറ്റം വരുത്താൻ ആലോചിച്ചിട്ടുണ്ടോ ; | (സി) | നിലവിൽ ഒരു സ്ഥിരം പാഠപുസ്തക സമിതിയില്ല. പത്താം ക്ളാസിലെ വിവിധ പുസ്തകങ്ങൾ വികസിപ്പിക്കുന്നതിനായി ഓരോ വിഷയത്തിനും പാഠപുസ്തക സമിതികൾ രൂപീകരിച്ചിരുന്നു. ഇത് ഒരു സ്ഥിരം സമിതിയല്ല. ആവശ്യങ്ങൾക്കനുസരിച്ച് പുതിയ സമിതികൾ രൂപീകരിക്കുന്നതാണ്. |
| (ഡി) | വരുന്ന വർഷം ഹയർ സെക്കന്ററി പാഠ്യപദ്ധതിയിൽ പരിഷ്ക്കരണം നടത്തുമോ? | (ഡി) | പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 253

15..07..2011 -ൽ
മറുപടിയ്ക്ക്

## സ്വാശ്രയ വിദ്യാഭ്യാസരംഗം സംരക്ഷിക്കുന്നതിന് കേന്ദ്ര നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. എം. എ. ബേബി<br>ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതിയും ഗുണമേൻമയും സംരക്ഷിക്കുന്നതിന് ഒരു കേന്ദ്ര നിയമം ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | (എ) കേന്ദ്ര നിയമം ആവശ്യമുണ്ട്. സുപ്രീം കോടതി 2002 -ൽ TMA PAI കേസിൽ സ്വാശ്രയ ഫീസിൽ ക്രോസ് സബസിഡി കൊണ്ട് വരുന്നത് നിരോധിച്ചു. ഭരണഘടനാ ഭേദഗതിയിലൂടെ മാത്രമെ കോടതി വിധി മറികടക്കുവാൻ കഴിയുകയുള്ളു. അതിന് കേന്ദ്ര നിയമം അനിവാര്യമാണ്. |
| (ബി) സ്വകാര്യ സ്വാശ്രയ കോളേജുകളിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) സ്വകാര്യ സ്വാശ്രയ കോളേജുകളിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയെയും ഫീ റെഗുലേറ്ററി കമ്മിറ്റിയെയും നിയമിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ മേൽ സൂചിപ്പിച്ച കമ്മിറ്റികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. |

കൂടാതെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. മാർഗ്ഗനിർദ്ദേശപ്രകാരമുള്ള അദ്ധ്യാപകർ ഉണ്ടോ എന്നും അദ്ധ്യാപകർക്ക് മതിയായ വിദ്യാഭ്യാസ യോഗ്യത ഉണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും, ഒന്നാംഘട്ട അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എ.ഐ.സി.റ്റി.ഇ. നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങൾ ക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള നിയമവ്യവസ്ഥയിൽ ഏതെങ്കിലും നിലയിലുള്ള മാറ്റം ഉദ്ദേശിക്കുന്നുണ്ടോ?

(സി) ഇത് സംബന്ധിച്ച് 'എ' പിരിവിൽ പ്രതിപാദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 254*</u> <u>15.07.2011 ൽ മറുപടിക്ക്</u>

## മരാമത്ത് വകുപ്പിന്റെ കൈവശമുള്ള ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ.സാജു പോൾ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. എം. ഹംസ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) പ്രസ്തുത വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ കണക്കെടുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശം വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുക്കുന്ന ഭൂമിയിൽ മിച്ചമായി കിടക്കുന്ന ഭാഗങ്ങൾ കൃത്യമായി തിരഞ്ഞുപിടിച്ച് അളവും മറ്റ് വിശദാംശങ്ങളും രേഖപ്പെടുത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥിതിവിവരക്കണക്ക് എടുക്കുന്നതിന്റെ ഭാഗമാണ് ഇത്. |
| (ബി) മരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിൽക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) ഇല്ല |
| (സി) ഇത്തരത്തിൽ ഭൂമി വിൽക്കുന്നതിനുള്ള നീക്കം അഴിമതിക്കുള്ള നീക്കമാണെന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 255**

**15.07.2011 ൽ മറുപടിയ്ക്ക്**

## ഹൗസ് ബോട്ട് സർവ്വീസ് മൂലമുള്ള പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീകെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.പി.കെ.ഗുരുദാസൻ**<br>**ശ്രീ.സി.കെ.സദാശിവൻ**<br>**ശ്രീ.എസ്.ശർമ്മ** | | **ശ്രീ.എ.പി.അനിൽകുമാർ**<br>**(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) | കായലുകളിൽ ഉൾക്കൊള്ളാനാകുന്നതിൽ കൂടുതൽ ഹൗസ് ബോട്ടുകൾ സർവ്വീസ് നടത്തുന്നത് മൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തി അതിന്റെ കണ്ടെത്തലുകളുടെയടിസ്ഥാനത്തിൽ ഹൗസ് ബോട്ടിംഗിനും മറ്റും ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമോ ; നിയമാനുസൃതം സർവ്വീസ് നടത്തുന്ന ഹൗസ്ബോട്ടുകൾ എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്.<br><br>ഹൗസ് ബോട്ടിംഗിനും മറ്റും ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>ഏകദേശം 1006 ബോട്ടുകൾ നിയമാനുസരണം സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് പ്രമുഖമായി ഹൗസ്ബോട്ടുകൾ സർവ്വീസ് നടത്തി വരുന്ന കായലുകൾ ഏതൊക്കെയാണ് ; | (ബി) | നിലവിൽ സംസ്ഥാനത്ത് പ്രമുഖമായി ഹൗസ്ബോട്ടുകൾ സർവ്വീസ് നടത്തി വരുന്നത് വേമ്പനാട്ട് കായൽ, അഷ്ടമുടി കായൽ എന്നിവിടങ്ങളിലാണ്. കൂടാതെ വേമ്പനാട്ട് കായലിന്റെ ഭാഗമായ കുമരകത്തും ഹൗസ്ബോട്ടുകൾ ധാരാളം സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) | പുതുതായി ഹൗസ്ബോട്ട് സർവ്വീസിംഗിന് സാദ്ധ്യതയുള്ള ടൂറിസം ഡെസ്റ്റിനേഷനുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (സി) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ, കോട്ടപ്പുറം എന്നീ ടൂറിസം ഡെസ്റ്റിനേഷനുകൾ ഹൗസ് ബോട്ട് സർവ്വീസ് നടത്താൻ സാദ്ധ്യതയുള്ളവയാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 256

15/07/2011 ൽ
മറുപടിക്ക്

### വിദ്യാഭ്യാസ അവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി:<br>ശ്രീ. ജെയിംസ് മാത്യു:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. റ്റി. വി. രാജേഷ്: | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) 03/11/09 -ലെ ജി.ഒ (എം.എസ്) നം. 214/09/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ സെക്രട്ടറി കോ- ഓർഡിനേറ്റർ ആയി ഒരു കമ്മിറ്റി രൂപികരിച്ചു. വിദ്യാഭ്യാസ അവകാശ നിയമം കേരളത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നും എങ്ങനെയാകണം പഠനം നടത്തേണ്ടതെന്നും തീരുമാനിക്കാൻ വേണ്ടിയാണ് കമ്മിറ്റി രൂപീകരിച്ചത്. ഈ കമ്മിറ്റി വിവിധ വശങ്ങൾ പരിശോധിച്ച ശേഷം വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ശുപാർശ ചെയ്യുകയും ശുപാർശയുടെ അടിസ്ഥാനത്തിൽ 27/07/10 ലെ ജി.ഒ (എം.എസ്) നം. 137/10/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി.<br>ലിഡാജേക്കബ് ഐ.എ.എസ്. (Rtd) വിദ്യാഭ്യാസ അവകാശ നിയമ കമ്മീഷനായി നിയമിച്ച് ഉത്തരവാകുകയും ചെയ്തു. 2011 ജനുവരിയിൽ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചു. |

| | |
|---|---|
| | കെ.ഇ. ആർ. പരിഷ്ക്കരണത്തിനായി നിയമിച്ച സി.പി. നായർ കമ്മറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി. പി. വനജയെ കൺവീനറാക്കി 18/11/2010 ലെ ജി.ഒ (എം.എസ്) നം. 239/10/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി.<br>വനജ കമ്മിറ്റിയുടെ ശുപാർശയും ലിഡാ കമ്മിറ്റി റിപ്പോർട്ടും നിയമവകുപ്പിന്റെ പരിശോധനയ്ക്ക് അയക്കുകയും നിയമവകുപ്പിന്റെ സൂക്ഷമ പരിശോധനയ്ക്ക് ശേഷം 30/04/2011 ലെ ജി.ഒ (പി) നം. 100/2011/പൊ.വി നമ്പർ നോട്ടിഫിക്കേഷനിലൂടെ കേരള വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ കേരള സംസ്ഥാനത്ത് നിലവിൽ വരികയും ചെയ്തു. വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി ശുപാർശ സമർപ്പിക്കുന്നതിന് 03/06/2011 ലെ ജി.ഒ (പി) നം. 135/2011/പൊ.വി.വ നമ്പർ ഉത്തരവിലൂടെ വിദ്യാഭ്യാസ വകുപ്പ മന്ത്രി കൺവീനറും വ്യവസായ വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, റവന്യൂ വകുപ്പു മന്ത്രി, ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, സാംസ്ക്കാരിക ഗ്രാമവികസന വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളായ ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന് കേന്ദ്രസഹായം ലഭ്യമാകുമോ; എങ്കിൽ എന്തു തുക ലഭിക്കും; | (ബി) വിദ്യാഭ്യാസ അവകാശനിയമം സെക്ഷൻ 7 പ്രകാരം കേന്ദ്ര ഗവൺമെന്റ് അതാതു സമയങ്ങളിൽ നിശ്ചയിക്കുന്ന അനുപാത പ്രകാരം, ഈ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ഗ്രാന്റ് -ഇൻ-എയ്ഡ് സംസ്ഥാനങ്ങൾക്ക് നൽകുന്നതാണ്. 65:35 ആണ് കേന്ദ്ര-സംസ്ഥാന അനുപാതമായി ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത് |

കേന്ദ്രനിയമത്തിലെ സെക്ഷൻ 19 ലെ ഷെഡ്യൂൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള ധനസഹായത്തിന്റെ നിശ്ചിത തോതിനും അർഹതയുണ്ട്.

| | |
|---|---|
| (സി) നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പദ്ധതി തയ്യാറാക്കുന്നതിനുള്ള സമിതിയുടെ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ? | (സി) നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ലിഡാ കമ്മീഷൻ റിപ്പോർട്ട് 2011 ജനുവരിയിൽ സർക്കാരിനു ലഭിക്കുകയും 30/04/2011- ലെ ജി.ഒ. (പി) നം. 100/2011/പൊ.വി.വ. -ാം നമ്പർ ഉത്തരവുപ്രകാരം വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 257

15.7..2011 -ൽ
മറുപടിക്ക്

ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ . ജെയിംസ് മാത്യു.<br>പ്രൊഫ. സി.രവീന്ദ്രനാഥ്.<br>ഡോ. കെ.ടി.ജലീൽ.<br>ശ്രീ. എം.എ.ബേബി | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി. |
| (എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിന് മുൻ സർക്കാർ സ്വീകരിച്ചുവന്ന നടപടികൾ തുടരുമോ ; | (എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിന് മുൻ സർക്കാർ സ്വീകരിച്ചുവന്ന നടപടികൾ വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ, വേണ്ട ഭേദഗതികൾ വരുത്തി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഈ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് പരിഗണിച്ചു വരുന്നത് ; | (ബി) താഴെപ്പറയുന്ന പുതിയ പദ്ധതികൾ പരിഗണിച്ചുവരുന്നു.<br><br>1. ശാസ്ത്ര സാങ്കേതിക ഗവേഷണപാർക്ക്.<br>2. ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ.<br><br>3.തിരുവനന്തപുരം സംഗീത കോളേജിൽ ഒരു റിക്കോർഡിംഗ് സ്റ്റുഡിയോ.<br><br>4.വേൾഡ് ബാങ്ക് സഹകരണ ത്തോടെ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് കാമ്പസിൽ ഒരു സാങ്കേതിക സർവ്വകലാശാല .<br><br>5.ഐ.എച്ച്..ആർ.ഡി യുടെ കീഴിൽ സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ.<br><br>6.എല്ലാ യൂണിവേഴ്സിറ്റികളിലും ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം.<br>7. കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിനു കീഴിൽ ഒരു ബ്രെയിലിപ്രസും ബ്രെയിലി ഇൻസ്റ്റിറ്റ്യൂട്ടും. |

| | | | |
|---|---|---|---|
| | | | 8. കേന്ദ്രസഹായത്തോടെ കോട്ടയം ജില്ലയിൽ ഒരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി.<br><br>9. സംസ്ഥാനത്ത് ഒരു ഓപ്പൺ സർവ്വകലാശാല.<br>10. കേരളത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശത്തെ ഒരു മികച്ച സർക്കാർ വിദ്യാലയത്തിന് സർക്കാർ സഹായത്തോടെ മോഡേൺ ഇംപോർട്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം ചേർന്നുള്ള പതിനൊന്ന് ഇഞ്ച് ഓട്ടോമാറ്റിക് ടെലസ്കോപ്പ്, വാനനിരീക്ഷണ സമയത്ത് ഫോട്ടോ എടുക്കുന്നതിനുള്ള സംവിധാനം, എൽ.സി.ഡി പ്രൊജക്ടർ, ലാപ്ടോപ് മുതലായ ഉപകരണങ്ങൾ ഉൾപ്പെടെ ഒരു സി.വി.രാമൻ സെന്റർ. |
| (സി) | ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തി ലുള്ള വിവിധ കമ്മിറ്റികളുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) | ഉണ്ട്.<br>വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഉന്നത വിദ്യാഭ്യാസ തലത്തിൽ സാമൂഹിക നീതിയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | (ഡി) | ഉന്നത വിദ്യാഭ്യാസ തലത്തിൽ സാമൂഹിക നീതിയും ഗുണ നിലവാരവും വർദ്ധിപ്പിക്കുന്ന തിന് മുൻ സർക്കാർ സ്വീകരിച്ചുവന്ന നടപടികൾ വിലയിരുത്തി ആവശ്യ മെങ്കിൽ, വേണ്ട ഭേദഗതികൾ വരുത്തി നടപടികൾ സ്വീകരിക്കുന്ന താണ്. കൂടാതെ <u>സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ മേഖലയിൽ 50 % സീറ്റിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസിൽ പ്രവേശനം</u> ഉറപ്പിക്കുവാൻ വേണ്ട നടപടി കൈക്കൊണ്ടു വരുന്നു. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിയ്ക്കുന്ന മിടുക്ക രായ വിദ്യാർത്ഥികൾക്ക് ഉപയോഗ പ്രദമായ രീതിയിൽ വിവിധ സ്കോളർഷിപ്പുകൾ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റി റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

1. ഡിഗ്രിതല വിദ്യാഭ്യാസത്തിന്റെ പുന.സംഘാടനം സംബന്ധിച്ച് ഡോ.വിജയൻ കമ്മിറ്റി നൽകിയ റിപ്പോർട്ട് (ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഡിഗ്രിതല വിദ്യാഭ്യാസത്തിന് ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും ഏർപ്പെടുത്തിയത്)

2. യു.ആർ അനന്തമൂർത്തി കമ്മിറ്റി തയ്യാറാക്കിയ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരട് നയരേഖ

3. ഡോ.എം അനന്തകൃഷ്ണൻ അദ്ധ്യക്ഷനായ യൂണിവേഴ്സിറ്റി ആക്ട്സ് റിവ്യൂകമ്മറ്റിയുടെ റിപ്പോർട്ട്

4. ഡോ.ജേക്കബ് താരു അദ്ധ്യക്ഷനായ പരീക്ഷാപരിഷ്ക്കരണ കമ്മിറ്റിയുടെ റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 258 | 15/07/2011-ലെ മറുപടിക്ക്

പൊതുവിദ്യാലയങ്ങളിലെ 'കൊഴിഞ്ഞുപോകൽ'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞു വരുന്നത് തടയാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) പൊതുവിദ്യാലയങ്ങളുടെ നിലവാരം നിലനിറുത്താനും ഉയർത്താനുമായി സ്കൂളുകളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുകയും പഠന നിലവാരം ഉയർത്തുകയും ചെയ്തുകൊണ്ട് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.എ., ആർ.എം.എസ്.എ വഴി നിരവധി കാര്യങ്ങൾ ചെയ്യുന്നു. |
| (ബി) കേരളത്തിലെ അൺ എയ്ഡഡ് വിദ്യാലയങ്ങളെ നിയന്ത്രിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) സർക്കാർ തലത്തിൽ ആലോചിച്ച് നയപരമായ തീരുമാനം എടുക്കുന്നതാണ്. |
| (സി) പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുകയും അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ കുട്ടികൾ കൂടുകയും ചെയ്യുന്ന സ്ഥിതി വിശേഷത്തെ കുറിച്ച് സമഗ്രമായ വിദഗ്ധ പഠനത്തിന് തയ്യാറാകുമോ ? | (സി) സർക്കാർ തലത്തിൽ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 259

15.07.2011-ൽ മറുപടിയ്ക്ക്

പുതിയ ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.സി.ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ഡോ. എൻ.ജയരാജ് | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്തുന്ന സ്വദേശി, വിദേശി ടൂറിസ്റ്റുകളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധനവ് വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് 2010-ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 18.31 % വും ആഭ്യന്തരസഞ്ചാരികളുടെ എണ്ണത്തിൽ 8.61% വും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ടൂറിസം രംഗത്തുള്ള കേരളത്തിന്റെ വളർച്ച എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | ബി) | 2010-ൽ വിദേശനാണ്യ വരുമാനത്തിൽ 33.09% വും മൊത്തവരുമാനത്തിൽ 31.12% വും വളർച്ച രേഖപ്പെടുത്തി. |
| (സി) ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപത്തിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | ഉണ്ട്. ടൂറിസം മേഖലയിൽ മുതൽമുടക്കുന്നവർക്കായി ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിസിറ്റി സബ്സിഡി, എന്നിവ കൂടാതെ സംരംഭകർക്ക് വിപണനത്തിന് ആവശ്യമായ സഹായങ്ങളും വകുപ്പ് നൽകി വരുന്നു. |
| (ഡി) പ്രസ്തുത മേഖലയിൽ നടപ്പു സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | ഡി) | ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ, വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതികൾ, വിപണനത്തിന്റെ ഭാഗമായി നടത്തുന്ന വിവിധ പ്രചാരണ പരിപാടികൾ, സന്ദർശകരുടെ സുരക്ഷയെ മുൻനിർത്തി നടപ്പാക്കുന്ന പദ്ധതികൾ, ടൂറിസം രംഗത്ത് മാനവശേഷി വികസിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, ഉത്തരവാദിത്ത ടൂറിസം പദ്ധതി എന്നിവ ഈ വർഷവും തുടരുന്നതാണ്. കൂടാതെ, ഈ വർഷം അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് രൂപം നൽകിവരുന്നു. |
| (ഇ) സംസ്ഥാനത്തൊട്ടാകെ ഗ്രാമീണ ടൂറിസത്തിന് പ്രാമുഖ്യം നൽകികൊണ്ടുള്ള പുതിയ പദ്ധതികൾക്ക് തുടക്കം കുറിയ്ക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *260

15.07.2011- ൽ മറുപടിയ്ക്ക്

## സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിലുള്ള സമരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. എൻ.ഷംസുദ്ദീൻ | | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) |
| (എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ മുൻ സർക്കാർ അനുവർത്തിച്ച നയത്തിൽ നിന്നും ഈ സർക്കാർ എന്തെങ്കിലും വ്യതിയാനം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ; | (എ) | ഇല്ല. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വാശ്രയത്തിന്റെ പേരിൽ സമരവുമായി രംഗത്തിറങ്ങാൻ ചിലരെ പ്രേരിപ്പിച്ച കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | സ്വാശ്രയത്തിന്റെ പേരിൽ നടന്ന സമരങ്ങളുടെ പിന്നിലെ കാരണം വ്യക്തമല്ല. |
| (സി) മുൻസർക്കാരിന്റെ കാലത്ത് സ്വാശ്രയവിഷയത്തിൽ ഉണ്ടായ കോടതി വ്യവഹാരങ്ങളിൽ ഭൂരിഭാഗത്തിലും ഗവൺമെന്റ് ഭാഗം പരാജയപ്പെടുകയായിരുന്നോ ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; | (സി) | ഈ വിഷയം പരിശോധിക്കേണ്ടതുണ്ട്. |
| (ഡി) സ്വാശ്രയ നയസമീപനത്തിലെ പാളിച്ചയും അതിനു പിന്നിൽ നടന്ന അഴിമതിയുമാണ് സമര മാർഗ്ഗം അവലംബിക്കാൻ കാരണമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം-261 15-07-2011 ൽ മറുപടിയ്ക്ക്.

## വിദൂരവിദ്യാഭ്യാസ സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) വിദൂരവിദ്യാഭ്യാസ സൗകര്യം വ്യാപിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | (എ) റെഗുലർ കോഴ്സിൽ ചേർന്ന് പഠിക്കാൻ സാധിക്കാത്ത എല്ലാവർക്കും വിദൂരവിദ്യാഭ്യാസ സൗകര്യം ലഭിക്കണമെന്നാണ് സർക്കാരിന്റെ നിലപാട്. |
| (ബി) ദേശീയ, അന്തർ ദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ച് വിദൂരവിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) സ്വീകരിക്കുന്നതാണ്. |
| (സി) സംസ്ഥാനത്ത് ഒരു വിദൂരവിദ്യാഭ്യാസ നയം നടപ്പിൽ വരുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കരട് നയരേഖ തയ്യാറാക്കാൻ രൂപീകരിച്ച ഡോ. യു ആർ. അനന്തമൂർത്തി കമ്മീഷൻ, വിദൂര വിദ്യാഭ്യാസത്തിനായി ഒരു ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ഒരു ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന്റെ സാധ്യതയെ കുറിച്ച് പഠനം നടത്താൻ നിയോഗിച്ച പ്രൊഫ. രാം തക്വാല അധ്യക്ഷനായുള്ള കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 262 15.07.2011- ൽ മറുപടിക്ക്

പ്രകൃതി ദുരന്തങ്ങളിൽ മരണമടയുന്നവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.എ. വാഹീദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. റ്റി.എൻ പ്രതാപൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | പ്രകൃതി ദുരന്തങ്ങൾമൂലം വീടുകൾ പൂർണ്ണമായും/ഭാഗികമായും നഷ്ടപ്പെട്ടു ന്നവർക്ക് ഏതു തരത്തിലാണ് നഷ്ട പരിഹാരം നൽകുന്നത്; | (എ) | പ്രകൃതി ദുരന്തങ്ങൾ മൂലം വീടുകൾ പൂർണ്ണമായും തകർന്നവർക്ക് പ്രകൃതി ക്ഷോഭ ദുരിതാശ്വാസ മാനദണ്ഡ പ്രകാരം 35000/- രൂപയും സംസ്ഥാനത്തിന്റെ പ്രത്യേക വിഹിതമായി 65000/- രൂപയും ചേർത്ത് ഒരു ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. വീട് ഭാഗികമായി തകർന്നവർക്ക് പരമാവധി 35000/- രൂപ വരെ ധനസഹായം നൽകാറുണ്ട്. |
| (ബി) | പ്രകൃതി ദുരന്തത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നതിന് എ.പി.എൽ/ബി.പി.എൽ തരംതിരിവ് ബാധകമാണോ; | (ബി) | പ്രകൃതി ദുരന്തത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കു ധനസഹായം നൽകുന്നതിന് എ.പി.എൽ/ബി.പി.എൽ തരംതിരിവ് ബാധകമല്ല. |
| (സി) | എന്ത് തുകയാണ് ഇവരുടെ അവകാശികൾക്ക് നൽകുന്നത്; | (സി) | പ്രകൃതിക്ഷോഭ ദുരന്തങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി യിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിക്കുന്നു. ബന്ധപ്പെട്ട രേഖ കൾ ലഭിക്കുന്നതിന് കാലതാമസം വരുന്ന കേസുകളിൽ ഒരു നിശ്ചിത തുക അടിയന്തിരമായി കുടുംബത്തിന് അനുവദിക്കാറുണ്ട്. |
| (ഡി) | പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കേന്ദ്ര സർക്കാരും കേന്ദ്ര ഫിനാൻസ് കമ്മീഷനും നിശ്ചയിച്ചിട്ടുള്ള മാനദ ണ്ഡങ്ങൾക്കനുസരിച്ചാണ് പ്രകൃതി ദുരന്തം മൂലം ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് നിലവിൽ ധനസഹായം നൽകി വരുന്നത്. പ്രസ്തുത മാനദണ്ഡ ങ്ങൾക്ക് മാറ്റം വരുന്ന മുറയ്ക്ക് മാത്രമേ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ സാധ്യമാ വുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ. 263. 15/07/2011-ൽ മറുപടിയ്ക്ക്

വല്ലാർപാടം പദ്ധതിക്കായി ഭൂമി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് പുനരധിവാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.ദിവാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.അജിത് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) വല്ലാർപാടം പദ്ധതിക്കായി ഭൂമി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 2011 മേയ് മാസത്തിന് മുമ്പ് നൽകിയ സഹായങ്ങൾ എന്തെല്ലാമാണ്; | (എ) വല്ലാർപാടം പദ്ധതിക്കായി ഭൂമി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ജില്ലാതല പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്ത നിരക്ക് അംഗീകരിച്ചവർക്ക് ഡി.എൽ.പി.സി റേറ്റിലുള്ള തുകയാണ് ഭൂമി വിലയായി നൽകിയത്. വീട് നഷ്ടപ്പെട്ടവർക്ക് ഡി.എൽ.പി.സി റേറ്റിലുള്ള ഭൂമി വില കൂടാതെ 13 മാസത്തേക്കുള്ള വാടക (പ്രതിമാസം 5,000/-രൂപ വീതം), 10,000 രൂപ ഷിഫ്റ്റിംഗ് ചാർജ്ജ്, 5 സെന്റിൽ താഴെ ഭൂമി നഷ്ടപ്പെട്ടവർക്ക് 5 സെന്റ് സ്ഥലവും, അതിൽ കൂടുതൽ ഭൂമി നഷ്ടപ്പെട്ടവർക്ക് 6 സെന്റ് സ്ഥലവും ആണ് അനുവദിച്ചത്. 62/08/റവ ഉത്തരവ് പ്രകാരം കടമക്കുടി ഒഴികെ മറ്റ് വില്ലേജുകളിലുള്ളവർക്ക് 4 സെന്റ് ഭൂമിയാണ് ഉത്തരവായത്. ഇതിനെതിരെ കക്ഷികൾ കോടതിയെ സമീപിച്ചെങ്കിലും സ്ഥലപരിമിതി ഉള്ളതിനാൽ അധിക ഭൂമിക്കു പകരം മേൽ ഭൂമിയുടെ ഡി.എൽ.പി.സി റേറ്റിലുള്ള തുക കക്ഷികൾക്ക് നേരിട്ട് നൽകുകയാണ് ഉണ്ടായത്. |
| ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി മാത്രം നഷ്ടപ്പെട്ടവർ എത്ര; വീടും ഭൂമിയും നഷ്ടപ്പെട്ടവർ എത്ര; കച്ചവട സ്ഥാപനങ്ങൾ നഷ്ടപ്പെട്ടവർ എത്രയാണ്; | (ബി) ഐ.സി.റ്റി.റ്റി. റെയിൽ പദ്ധതിക്കായി 265 കക്ഷികളിൽ നിന്നാണ് ഭൂമി ഏറ്റെടുത്തത്. ഇതിൽ 143 കേസുകളിലാണ് വീട് ഉൾപ്പെടുന്നത്. ഐ.സി.റ്റി.റ്റി. റോഡു പദ്ധതിക്കായി ആകെ 695 കേസുകളാണ് ഉള്ളത്. ഇതിൽ 165 വീടുകൾ പൂർണ്ണമായും 18 വീടുകൾ ഭാഗികമായും ഉൾപ്പെട്ടിട്ടുണ്ട്. കച്ചവട സ്ഥാപനങ്ങളുടെ പട്ടിക പ്രത്യേകമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതാണ്. |
| (സി) 2006-2011 കാലയളവിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പുനരധിവാസത്തിനായി നടപ്പാക്കിയ പാക്കേജുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) വല്ലാർപാടം പദ്ധതിക്കു പുറമെ സ്മാർട്ട് സിറ്റി പദ്ധതിക്കാണ് പുനരധിവാസത്തിന് സർക്കാർ പ്രത്യേക പാക്കേജ് അനുവദിച്ചത്. 29.06.07-ലെ ജി.ഒ (എം.എസ്) 12/07/വി.സാ. വകുപ്പ് നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് സിറ്റി പദ്ധതിക്ക് പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. |

ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.

(ഡി) ഇപ്രകാരം നടപ്പാക്കിയ പാക്കേജു കളെക്കാൾ മെച്ചപ്പെട്ട എന്തെല്ലാം സഹായങ്ങളാണ് 2011 മേയ് 18 ന് ശേഷം നൽകിയത്; ഇതിനായി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ 06.06.11-ലെ യോഗത്തിൽ 27 മാസത്തെ കുടിശ്ശിക വാടകയും പുനരധിവാസ പ്ളോട്ടിൽ വെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതു വരെ 6 മാസത്തെ വാടകയും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.

(ഇ) പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 2006 മേയ് മാസത്തിനു മുമ്പായി എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്; ഇതിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) 2006 മേയ് കാലയളവിൽ മെയിൻ റോഡ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുകയായിരുന്നു. 12-12-07-ലെ 54/07 ഗതാഗത വകുപ്പ് ഉത്തരവിലൂടെയാണ് ആദ്യമായി വല്ലാർപാടം (റെയിൽ) പദ്ധതിക്കു പാക്കേജ് തയ്യാറാക്കിയത്. 19.03.2008-ലെ 62/08/റവന്യൂ ഉത്തരവിലൂടെ റെയിൽ - റോഡ് പദ്ധതികൾ ഒറ്റ പാക്കേജായി പ്രഖ്യാപിക്കുകയായിരുന്നു.

(എഫ്) പ്രസ്തുത പദ്ധതിക്കായി ഭൂമി നഷ്ടപ്പെട്ടവരിൽ പകരം ഭൂമി ലഭിച്ച എത്ര പേരുണ്ട്; എത്ര പേർക്ക് പട്ടയം നൽകി; ഇതിൽ 2011 മേയ് 18-ന് മുമ്പ് നൽകിയതെത്ര; അതിനു ശേഷം നൽകിയത് എത്ര ?

(എഫ്) ഡി.എൽ.പി.സി. നിരക്ക് അംഗീകരിച്ച 293 കക്ഷികൾക്കും, എൽ.എ. ആക്ട് പ്രകാരമുള്ള മൂലമ്പിള്ളിയിലെ 6 കക്ഷികൾക്കും ഉൾപ്പെടെ ആകെ 299 കക്ഷികൾക്കാണ് പ്ളോട്ട് തയ്യാറാക്കിയത്. എന്നാൽ എൽ.എ. ആക്ടിൽ ഉൾപ്പെട്ട 6 കക്ഷികളുടേയും ഡി.എൽ.പി.സിയിൽ ഉൾപ്പെട്ട കെട്ടിടം പൊളിച്ചു നീക്കാത്ത 4 കക്ഷികളുടേയും പട്ടയങ്ങൾ പെന്റിംഗിൽ വച്ചു. (അതായത് 289 കേസ്സുകളിൽ പട്ടയം നൽകുകയും 10 കേസുകൾ പെന്റിംഗിലും ആയിരുന്നു). 07.06.11-ലെ 210/11/റവന്യൂ ഉത്തരവിലൂടെ എൽ.എ. ആക്ടിൽ ഉൾപ്പെട്ട ശ്രീമതി.സുഭദ്രയ്ക്ക് പട്ടയത്തിനു ഉത്തരവാകുകയും മേൽ പട്ടയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 16.06.11-ലെ മൂലമ്പിള്ളി യോഗത്തിൽ വച്ച് വിതരണം ചെയ്തിട്ടുള്ളതുമാണ്. ഇപ്രകാരം 2011 മെയ് 18-ന് മുൻപ് 289 പേർക്കും അതിനു ശേഷം ഒരാൾക്കും പട്ടയം നൽകിയിട്ടുണ്ട്. ലാന്റ് അക്വിസിഷൻ പ്രകാരം ഭൂമി നൽകിയവർക്ക് കോടതിയിൽ നൽകിയിട്ടുള്ള കേസ് പിൻവലിക്കുന്ന മുറക്ക് ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 264 — 15/7/2011-ൽ മറുപടിക്ക്

## പട്ടികജാതി കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി :<br>ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. പുരുഷൻ കടലുണ്ടി :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | പട്ടികജാതി കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള പദ്ധതി തുടർന്നും നടപ്പിൽവരുത്തുമോ ; | (എ) | പട്ടികജാതി കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള പദ്ധതി തുടർന്നും നടപ്പിൽ വരുത്തുന്നതാണ്. |
| (ബി) | ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. വൈദ്യുത പദ്ധതികൾ കേരള ഇലക്ട്രിസിറ്റി ബോർഡ് മുഖാന്തിരവും കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖാന്തിരവുമാണ് നടപ്പിലാക്കുന്നത്. ഇലക്ട്രിസിറ്റി ബോർഡുമായും വാട്ടർ അതോറിറ്റിയുമായും കാലാകാലങ്ങളിൽ വകുപ്പ് റിവ്യൂ മീറ്റിംഗ് നടത്തി പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. |
| (സി) | എത്ര കോളനികളിൽ ഈ പദ്ധതി പ്രകാരം കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട് ; അവശേഷിക്കുന്ന കോളനികൾ എതെല്ലാം ; കുടിവെള്ളവും | (സി) | ഈ പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷ കാലയളവിൽ 1806 കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനും 1140 കോളനികൾ വൈദ്യുതീകരിക്കുന്നതിനും |

| | | | |
|---|---|---|---|
| | വൈദ്യുതിയും അവിടെ എന്ന് എത്തിക്കുമെന്ന് അറിയിക്കുമോ ? | | കഴിഞ്ഞിട്ടുണ്ട്. ഇനിയും വൈദ്യുതീകരിക്കുന്നതിനും കുടിവെള്ളം എത്തിക്കാനുമുള്ള കോളനികളുടെ വിവരം കണ്ണൂർ, എറണാകുളം, ഇടുക്കി, വയനാട്, കോഴിക്കോട് ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു. അവശേഷിക്കുന്ന കോളനികളുടെ വിവരം ജില്ലകളിൽ നിന്ന് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. ഇനിയും നടപ്പിലാക്കുവാനുള്ള പദ്ധതികൾ മുന്തിയ പരിഗണന നൽകി, സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

**വൈദ്യുതീകരിക്കേണ്ട കോളനികൾ**

1. കണ്ണൂർ ജില്ല - ഇല്ല.
2. എറണാകുളം ജില്ല - ഇല്ല.
3. വയനാട് ജില്ല -
   1) ഉതിരാച്ചിറ കോളനി, തൊണ്ടർനാട് പഞ്ചായത്ത്.
   2) താറാട്ട് കോളനി, മാനന്തവാടി പഞ്ചായത്ത്.
   3) എസ്.സി വയൽ കോളനി, വൈത്തിരി പഞ്ചായത്ത്.
   4) പാണ്ഡ്യാട്ട് വയൽ കോളനി, മുട്ടിൽ പഞ്ചായത്ത്.
   5) സുഗന്ധഗിരി കോളനി, പൊഴുതന പഞ്ചായത്ത്.
   6) കാട്ടിക്കുനിക്കുന്ന് കോളനി, പടിഞ്ഞാറെത്തറ പഞ്ചായത്ത്.
4. ഇടുക്കി ജില്ല -
   1) മണ്ണൂർക്കാട് കോളനി, ഉടുമ്പന്നൂർ പഞ്ചായത്ത്.
5. കോഴിക്കോട് ജില്ല -
   1) വരിക്കോളിത്താഴ കോളനി, തുറയൂർ പഞ്ചായത്ത്.
   2) കുഴിപ്രക്കുണ്ട് കോളനി, മടവൂർ പഞ്ചായത്ത്.
   3) പുഴിച്ചരൽ കോളനി, ഓമശ്ശേരി പഞ്ചായത്ത്.

**കുടിവെള്ളം ലഭ്യമല്ലാത്ത കോളനികൾ**

1. കണ്ണൂർ ജില്ല - ഇല്ല.
2. കോഴിക്കോട് ജില്ല - ഇല്ല.
3. എറണാകുളം ജില്ല -
   1) കക്കാട്ടിൽ കക്കാല കോളനി, പൂതൃക്ക പഞ്ചായത്ത്.
   2) പുളിന്താനത്തുകുടി കോളനി, പൂതൃക്ക പഞ്ചായത്ത്.
   3) പാറപ്പുറത്തുകുടി കോളനി, പൂതൃക്ക പഞ്ചായത്ത്.
   4) വിട്ടൂർ കോളനി, മഴുവന്നൂർ പഞ്ചായത്ത്.
   5) മണ്ണൂർ കോളനി, മഴുവന്നൂർ പഞ്ചായത്ത്.
   6) നീലിമല കോളനി, കുന്നത്തുനാട് പഞ്ചായത്ത്.
   7) കൊരക്കാത്തിമല കോളനി, കുന്നത്തുനാട് പഞ്ചായത്ത്.
   8) തെങ്ങര കോളനി, കുന്നത്തുനാട് പഞ്ചായത്ത്.
   9) 46 ഏക്കർ കോളനി, കവളങ്ങാട് പഞ്ചായത്ത്.
   10) പൂക്കുഴിമോളം തെക്ക് കോളനി, കവളങ്ങാട് പഞ്ചായത്ത്.
   11) കാരക്കാത്തുരുത്ത് കോളനി, കുന്നുകര പഞ്ചായത്ത്.
   12) ലക്ഷംവീട് കോളനി, കുന്നുകര പഞ്ചായത്ത്.
   13) പുല്ലാർക്കാട്ട്പാടം കോളനി, കുന്നുകര പഞ്ചായത്ത്.
   14) പുതുവേലിപ്പള്ളം കോളനി, കുന്നുകര പഞ്ചായത്ത്.
   15) കാവനത്തിൽ (കുറുമശ്ശേരി) കോളനി, പാറക്കടവ് പഞ്ചായത്ത്.
   16) ഇലഞ്ഞിലോടി (കുന്നപ്പിള്ളിശ്ശേരി) കോളനി, പാറക്കടവ് പഞ്ചായത്ത്.
   17) അന്നാനത്തെരു കോളനി, നെടുമ്പാശ്ശേരി പഞ്ചായത്ത്.
   18) മാനാഞ്ചേരി കോളനി, പുത്തൻവേലിക്കര പഞ്ചായത്ത്.
   19) വട്ടേക്കാട്ട്കുന്ന് കോളനി, പുത്തൻവേലിക്കര പഞ്ചായത്ത്.
   20) മേരിക്കുന്ന് കോളനി, മുളന്തുരുത്തി ബ്ലോക്ക്.
   21) വേലൻപറമ്പിൽ കോളനി, രാമമംഗലം പഞ്ചായത്ത്.
   22) അമ്മോലിക്കൽ കോളനി, രാമമംഗലം പഞ്ചായത്ത്.

23) പരുത്തയിൽ കോളനി, കിഴക്കമ്പലം പഞ്ചായത്ത്.
24) മുതിർക്കാട്ടുമുകൾ വെസ്റ്റ് കോളനി, എടത്തല പഞ്ചായത്ത്.
25) ചെറുവേലിക്കുന്ന് കോളനി, വാഴക്കുളം പഞ്ചായത്ത്.
26) മനക്കാട്ട്പറമ്പ് കോളനി, വാഴക്കുളം പഞ്ചായത്ത്.
27) പരിയത്ത്കാവ് കോളനി, വാഴക്കുളം പഞ്ചായത്ത്

4. വയനാട് ജില്ല

1) കൊല്ലിയിൽ കോളനി, മാനന്തവാടി പഞ്ചായത്ത്.
2) ഉാർപള്ളി കോളനി, മാനന്തവാടി പഞ്ചായത്ത്
3) ജനതാം കോളനി, തൊണ്ടർനാട് പഞ്ചായത്ത്.
4) വികാസ് കോളനി, അമ്പലവയൽ പഞ്ചായത്ത്.
5) പച്ചിലക്കാട്ട് കോളനി, കണിയാമ്പറ്റ പഞ്ചായത്ത്.
6) കുണ്ട്കുന്ന് കോളനി, പനമരം പഞ്ചായത്ത്.
7) ജെസ്സിദാസാല കോളനി, മാനന്തവാടി പഞ്ചായത്ത്
8) ആനോത്ത് കോളനി, പൊഴുതന പഞ്ചായത്ത്.
9) മാട്ടറകുന്ന് കോളനി, മേപ്പാടി പഞ്ചായത്ത്.
10) പാണ്ടൻകോട് കോളനി, പടിഞ്ഞാറത്തറ പഞ്ചായത്ത്.
11) കാട്ടുപാലിയാണകുന്ന് കോളനി, പടിഞ്ഞാറത്തറ പഞ്ചായത്ത്.
12) വെതലോട്ട്കുന്ന് കോളനി, പടിഞ്ഞാറത്തറ പഞ്ചായത്ത്

5. ഇടുക്കി

1) പെരുംതൊട്ടികോളനി, വാത്തിക്കുടി പഞ്ചായത്ത്.
2) ചെമ്പകപ്പാറ കോളനി, വാത്തിക്കുടി പഞ്ചായത്ത്.
3) കൊച്ചുകരുന്തരുവി കോളനി, ഏലപ്പാറ പഞ്ചായത്ത്.
4) കന്നിമാർചോല കോളനി, വണ്ടിപ്പെരിയാർ പഞ്ചായത്ത്
5) കുരിശുമല കോളനി, വണ്ടിപ്പെരിയാർ പഞ്ചായത്ത്
6) കപ്പിത്തുഴി കോളനി, ഉടുമ്പന്നൂർ പഞ്ചായത്ത്.
7) കുളപ്പാറ കോളനി, ഉടുമ്പന്നൂർ പഞ്ചായത്ത്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 265 — 15.07.2011-ൽ മറുപടിയ്ക്ക്

## പുതിയ വിനോദസഞ്ചാര നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.എം.പി..അബ്ദുസ്സമദ് സമദാനി<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. പി.ബി.അബ്ദുൾ റസാക് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ട് പുതിയ വിനോദ സഞ്ചാര നയം രൂപപ്പെടുത്താൻ ഉദ്ദേശമുണ്ടോ; | എ) പുതിയ വിനോദസഞ്ചാര നയം രൂപപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന പദ്ധതികൾക്കൊപ്പം ഇൻ ലാന്റ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കുകൂടി പ്രാധാന്യം നൽകുമോ; വ്യക്തമാക്കുമോ; | ബി) ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയ്ക്കകത്ത് പ്രധാന പട്ടണങ്ങളിൽ സംഘടിപ്പിക്കുന്ന ടൂറിസം ഫെയറുകളിൽ വകുപ്പ് പങ്കെടുക്കുകയും പ്രത്യേക കേരള പവലിയന്റെ ഭാഗമായി കേരളത്തിൽ നിന്നുള്ള സ്വകാര്യ ടൂർ ഓപ്പറേറ്റർമാരെയും ഹോട്ടലിയേഴ്സിനെയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിൽ വകുപ്പ് റോഡ് ഷോകൾ സംഘടിപ്പിക്കുകയും അതുവഴി കേരളത്തിലേയ്ക്ക് ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ |

പ്രധാനപ്പെട്ട പത്രങ്ങൾ, ടൂറിസം മാഗസിനുകൾ എന്നിവയിൽ വകുപ്പ് കേരള ടൂറിസത്തെക്കുറിച്ച് പരസ്യം നൽകുകയും അതുവഴി ആവശ്യമായ പ്രചാരണം നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ ടൂറിസം ഓഫ് സീസൺ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ടൂറിസ്റ്റുകളുടെ വരവ് താരതമ്യേന കുറഞ്ഞ ജൂൺ - സെപ്റ്റംബർ മാസങ്ങളിൽ കേരളത്തിലെ ട്രേഡുകളെയും ഹോട്ടലുകാരുമായി ചേർന്നുകൊണ്ട് ഡ്രീം സീസൺ എന്ന പേരിൽ കുറഞ്ഞ നിരക്കിൽ അവരുടെ ടൂർ പാക്കേജുകൾ കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ പ്രമോട്ട് ചെയ്തുവരുന്നു.

സി) വിനോദസഞ്ചാര വികസന സാദ്ധ്യത പരമാവധി ചൂഷണം ചെയ്യുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പുമായി ചേർന്ന് കേന്ദ്ര സർക്കാർ സഹായത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡു വരെ രണ്ടു വരി ജലപാത നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്കു മുൻകൈയെടുക്കുമോ; വ്യക്തമാക്കുമോ;

സി) കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാത സംസ്ഥാന ജലപാതയായി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം ദേശീയപാതയായി അംഗീകരിച്ച് 1992-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗവും, കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള ഭാഗവും 12- ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി പുനർ നിർമ്മാണ പണികൾ ജലസേചന വകുപ്പ് ആരംഭിച്ചത് വിവിധ ഘട്ടങ്ങളിലാണ്. ഏകദേശം 105 കോടി രൂപയുടെ പ്രവൃത്തികൾ ഇതു പ്രകാരം പൂർത്തീകരിക്കുകയോ ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. കേരളത്തിലെ ഒട്ടുമിക്ക നദികളെയും കായലുകളെയും ബന്ധിപ്പിച്ചാണ് ഈ ജലപാത

കടന്നുപോകുന്നത്. പ്രകൃതി രമണീയമായ കായലുകളും തോടുകളും കൊണ്ട് അനുഗൃഹീതമായ ജലപാതയുടെ പൂർത്തീകരണത്തോടെ പ്രാദേശികമായി സംസ്ഥാനതലത്തിലുമുള്ള ടൂറിസം വികസനത്തിന് ഏറെ പ്രയോജനം ചെയ്യും എന്നുറപ്പാണ്. 13- ാ ം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ പ്രവൃത്തികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ഡി) ഓരോ ജില്ലയിലെയും ടൂറിസ്റ്റു സ്പോട്ടുകളെയും അവിടങ്ങളിലെത്തിച്ചേരാനുള്ള മാർഗ്ഗങ്ങളെയും ഓരോ സ്ഥലത്തും ലഭ്യമായ സൗകര്യങ്ങളെയും കുറിച്ച് വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡയറക്ടറി തയ്യാറാക്കുന്ന കാര്യം പരിശോധിക്കുമോ?

ഡി) ടൂറിസം വകുപ്പിന്റെ കേരള കമ്പാനിയൻ എന്ന പ്രസിദ്ധീകരണത്തിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.266

15.07.2011-ൽ
മറുപടി നൽകേണ്ടത്

## മൂന്നാർ ട്രിബ്യൂണൽ

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.പി.സി.ജോർജ്
ഡോ.എൻ.ജയരാജ്

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
( റവന്യൂ വകുപ്പ് മന്ത്രി)

(എ) മൂന്നാർ ട്രിബ്യൂണൽ ബിൽ എന്നാണ് നിയമസഭ പാസ്സാക്കിയത്;

(എ)28.07.2010-ലാണ് നിയമസഭ മൂന്നാർ പ്രത്യേക ട്രിബ്യൂണൽ ആക്റ്റ്, 2010 പാസ്സാക്കിയത്.

(ബി)മൂന്നാർ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര കേസ്സുകൾ ട്രിബ്യൂണൽ മുമ്പാകെ സമർപ്പിക്കപ്പെട്ടു എന്നും വ്യക്തമാക്കുമോ;

(ബി)മൂന്നാർ കൈയ്യേറ്റവുമായി ബന്ധപ്പെട്ട് 191 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 109 കേസ്സുകൾ മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന് കൈമാറിയിട്ടുണ്ട്. രണ്ടെണ്ണം ട്രിബ്യൂണൽ തീർപ്പാക്കി.

(സി) മൂന്നാർ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ടുള്ള എല്ലാ കേസ്സുകളും ട്രിബ്യൂണൽ മുമ്പാകെ കൊണ്ടുവരുന്നതിന് തടസ്സങ്ങൾ ഉണ്ടായിരുന്നുവോ; വ്യക്തമാക്കുമോ;

(സി)തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ വിധിന്യായത്തിലോ വിധിയിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, ഹൈക്കോടതിയും സുപ്രീം കോടതിയും ഒഴികെയുള്ള ഏതെങ്കിലും കോടതിയുടേയോ മറ്റേതെങ്കിലും അധികാര സ്ഥാനത്തിന്റേയോ മുമ്പാകെ നിലവിലിരിക്കുന്ന മൂന്നാർ പ്രദേശത്തെ സംബന്ധിക്കുന്ന എല്ലാ തർക്കങ്ങളും 2010 ലെ മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ ആക്റ്റ് പ്രകാരം ട്രിബ്യൂണൽ രൂപീകരിച്ചാലുടൻ ട്രിബ്യൂണലിലേയ്ക്ക് കൈമാറേണ്ടതാണ്. എന്നാൽ ആക്റ്റിലെ 'തർക്കം' എന്ന നിർവ്വചനത്തിൽ വ്യക്തത ഇല്ലാത്തതിനാൽ കേസുകൾ കൈമാറ്റം ചെയ്യുന്നതിന് തടസ്സമുള്ളതിനാൽ 'തർക്കം' എന്ന നിർവ്വചനത്തിൽ വ്യക്തത വേണമെന്ന ആവശ്യം പരിഗണിച്ച് ആക്റ്റിലെ ഭേദഗതി വരുത്തുന്ന കാര്യം നിയമ വകുപ്പിന്റെ പരിഗണനയിലാണ്.

| | |
|---|---|
| (ഡി) പ്രസ്തുത ട്രിബ്യൂണലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന സംഗതികൾ ഒഴിവാക്കി മൂന്നാർ കയ്യേറ്റവുമായി ബന്ധപ്പെട്ട് കേസ്സുകൾക്ക് അടിയന്തിരമായി തീർപ്പു കല്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നൽകുന്നതിനും കേസുകൾ കൈകാര്യം ചെയ്യുന്നതിന് സർക്കാർ പ്ലീഡർമാരെ നിയമിക്കുന്നതിനും മറ്റുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 267 15.07.2011-ൽ മറുപടിയ്ക്ക്

## ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി.എം ഉമ്മർ മാസ്റ്റർ<br>ശ്രീ. പി.കെ.ബഷീർ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ; | എ) ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയ്ക്കകത്ത് പ്രധാന പട്ടണങ്ങളിൽ സംഘടിപ്പിക്കുന്ന ടൂറിസം ഫെയറുകളിൽ വകുപ്പ് പങ്കെടുക്കുകയും പ്രത്യേക കേരള പവലിയന്റെ ഭാഗമായി കേരളത്തിൽ നിന്നുള്ള സ്വകാര്യ ടൂർ ഓപ്പറേറ്റർമാരെയും ഹോട്ടലിയേഴ്സിനെയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിൽ വകുപ്പ് റോഡ് ഷോകൾ സംഘടിപ്പിക്കുകയും അതുവഴി കേരളത്തിലേയ്ക്ക് ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ പ്രധാനപ്പെട്ട പത്രങ്ങൾ, ടൂറിസം മാഗസിനുകൾ എന്നിവയിൽ വകുപ്പ് കേരള ടൂറിസത്തെക്കുറിച്ച് പരസ്യം നൽകുകയും അതുവഴി ആവശ്യമായ പ്രചാരണം നൽകുകയും ചെയ്യുന്നുണ്ട്.<br>കേരളത്തിലെ ടൂറിസം ഓഫ് സീസൺ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ടൂറിസ്റ്റുകളുടെ വരവ് താരതമ്യേന കുറഞ്ഞ ജൂൺ - സെപ്റ്റംബർ മാസങ്ങളിൽ |

| | | | |
|---|---|---|---|
| | | | കേരളത്തിലെ ട്രേഡുകളെയും ഹോട്ടലുകാരുമായി ചേർന്നുകൊണ്ട് 'ഡ്രീം സീസൺ' എന്ന പേരിൽ കുറഞ്ഞ നിരക്കിൽ അവരുടെ ടൂർ പാക്കേജുകൾ കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ പ്രമോട്ട് ചെയ്തുവരുന്നു. |
| ബി) | ആഭ്യന്തര ടൂറിസ്റ്റുകൾക്ക് കുറഞ്ഞ ചെലവിൽ യാത്രാസൗകര്യമൊരുക്കുന്നതിന് കെ.എസ്.ആർ.ടി.സിയുമായി ചേർന്ന് പദ്ധതികളെന്തെങ്കിലുമുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | ബി) | വിനോദസഞ്ചാരികളെയും വിദ്യാർത്ഥികളെയും ആകർഷിക്കുന്നതിലേയ്ക്കായി കെ.എസ്.ആർ.ടി.സി തിരുവനന്തപുരം നഗരത്തിൽ സർവ്വീസ് നടത്തിയിരുന്ന ഡബിൾ ഡക്കർ ബസ് ഉപയോഗിച്ച് ഹെറിറ്റേജ് സിറ്റി ടൂറിസം പാക്കേജിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളായ മ്യൂസിയം, വേളി കായൽ, ശംഖുംമുഖം - കോവളം ബീച്ചുകൾ എന്നീ സ്ഥലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു വിനോദ യാത്രാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കും കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നുണ്ട്. |
| സി) | സംസ്ഥാനത്തെ ചെറുതും വലുതുമായ വിനോദസഞ്ചാര കേന്ദ്രങ്ങളോടനുബന്ധിച്ച് കുറഞ്ഞ ചെലവിൽ താമസത്തിനും ഭക്ഷണത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | സി) | പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രങ്ങളിൽ സർക്കാർ ഗസ്റ്റ് ഹൗസുകളും കെ.റ്റി.ഡി.സി യുടെ കീഴിലുള്ള ഹോട്ടലുകളും സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കുന്നുണ്ട്. സംസ്ഥാനത്ത് വിവിധ വിനാദസഞ്ചാര കേന്ദ്രങ്ങളിലായി കെ.റ്റി.ഡി.സി യുടെ കീഴിൽ 14 ടാമറിന്റ് ബ്രാന്റ് ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. താരതമ്യേന കുറഞ്ഞ |

നിരക്കിൽ ഇവിടെ താമസ സൗകര്യവും ഭക്ഷണ സൗകര്യവും നിലവിലുണ്ട്. ഇവയ്ക്കു പുറമെ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലായി കെ.റ്റി.ഡി.സി യുടെ കീഴിൽ 11 മോട്ടൽ ആരാമുകളും പ്രവർത്തിക്കുന്നുണ്ട്.

ഡി) ഓരോ വിനോദസഞ്ചാര കേന്ദ്രത്തിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാൻ പരിസരവാസികളുടെ കെട്ടിടവും സേവനവും ഉപയോഗപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

ഡി) വിനേദസഞ്ചാരകേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് താമസത്തിനായി തദ്ദേശിയരുടെ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്ന ഹോം സ്റ്റേ, സർവ്വീസ് വില്ല എന്നിവ സ്കീമുകൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.

ഇ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ ശല്യം ഇല്ലാതാക്കി സന്ദർശകരുടെ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ ശല്യം ഇല്ലാതാക്കാൻ ടൂറിസം പോലീസിന്റെ സേവനം ലഭ്യമാണ്. കൂടാതെ, തിരക്കു കൂടുന്ന അവസരത്തിൽ ലോക്കൽ പോലീസിന്റെ സേവനവും ലഭ്യമാക്കാറുണ്ട്.

സെക്ഷൻ ഓഫീസർ

## 13-ാം കേരള നിയമസഭ

## 1-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 268 15-7-2011ൽ മറുപടിക്ക്

**ഓപ്പൺ സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി ജോർജ്<br>ശ്രീ.ഡോ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. പി.കെ അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | ഉണ്ട്. സംസ്ഥാനത്ത് ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ കമ്മിറ്റിയെ സർക്കാർ ജി.ഒ (ആർ.റ്റി) നം. 535/08/ഉ.വി.വ തീയതി 23-03-2008 പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. പ്രൊഫ. റാം തക്വാലെ, പ്രൊഫ. അൻവർ ജഹാൻ സുബേരി. ഡോ.വി. വാസുദേവൻ എന്നിവരായിരുന്നു പ്രസ്തുത കമ്മിറ്റി അംഗങ്ങൾ. കമ്മിറ്റി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സർക്കാരോ മറ്റേതെങ്കിലും വിദഗ്ധ സമിതികളോ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | | |
| (സി) | പ്രസ്തുത സർവ്വകലാശാല സംസ്ഥാനത്ത് ആരംഭിക്കുന്നതിന് എത്ര ചെലവ് വരുമെന്ന് അറിയിക്കുമോ; | (സി) | ആദ്യവർഷം 1030 ലക്ഷത്തിന്റെ നോൺ-റെക്കറിംങ്എക്സ്പെൻസും 150 ലക്ഷത്തിന്റെ റെക്കറിംങ് എക്സ്പെൻസും പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | നടപ്പു സാമ്പത്തികവർഷം ഇതിലേക്കാവശ്യമായ ഫണ്ട് വകയിരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) & (ഇ) | സ.ഉ(സാധാ) 718/10/ഉ.വി.വ തീയതി 06-04-2010 പ്രകാരം കേരള ഓപ്പൺ യൂണിവേഴ്സിറ്റിക്ക് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഇതിലേക്കാവശ്യമായ ഫണ്ട് വകയിരുത്തിയിട്ടില്ല. |
| (ഇ) | സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സാധ്യമാക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 269 15.7.2011 ലെ മറുപടി

**മരാമത്തു വകുപ്പിലെ ടെൻഡർ നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. സി.കെ സദാശിവൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് മരാമത്ത് വകുപ്പിലെ ടെൻഡർ നടപടികളിൽ അഴിമതി തടയുന്നതിന്റെ ഭാഗമായി ടെൻഡറിൽ എസ്റ്റിമേറ്റിന്റെ അധിക തുക അനുവദിക്കുന്നത് നിർത്തൽ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി കരാറുകാരുമായി ഒത്തുകളിച്ചു വൻതുക സർക്കാരിന് നഷ്ടമാകുന്നത് ഒഴിവാക്കാൻ സാധിച്ചതായി കരുതുന്നുണ്ടോ; | (എ) | മുൻ സർക്കാരിന്റെ ആദ്യത്തെ നാലുവർഷങ്ങളിലും ടെണ്ടർ അധികതുക അനുവദിച്ചിരുന്നു.<br>2010-ൽ SOR പുതുക്കിയതിനുശേഷം ടെണ്ടർ അധിക തുക അനുവദിക്കേണ്ടതില്ല എന്ന പൊതുവായ നിർദ്ദേശം നൽകിയിരുന്നു. എങ്കിലും പ്രവൃത്തി നടത്തിക്കിട്ടുന്നതിനു വേണ്ടി പല കേസുകളിലും ടെണ്ടർ അധിക തുക നൽകിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ മേഖലയിൽ വീണ്ടും വൻ അഴിമതിക്ക് കാരണമാകുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | SOR വർഷാവർഷം പുതുക്കുകയാണെങ്കിൽ ടെണ്ടർ അധിക തുക നൽകേണ്ടി വരില്ല. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ പ്രവൃത്തി നടത്തിക്കിട്ടുന്നതിനു ടെണ്ടർ അധിക തുക അനുവദിക്കേണ്ടിവരും. |
| (സി) | മുൻസർക്കാരിന്റെ അവസാനകാലംവരെ കരാറുകാർക്ക് ലഭിക്കേണ്ട തുക യഥാസമയം നൽകിയിട്ടുണ്ടോ? | (സി) | പൂർണ്ണമായും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 270** **15/07/2011-ലെ മറുപടിക്ക്**

**സ്കൂൾ കുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി. | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ; | (എ) | സർക്കാർ/എയ്ഡഡ് മേഖലയിൽ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന സ്കൂൾ കുട്ടികൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ ഹൈസ്കൂൾ എന്നീ വിഭാഗം കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണം, രോഗം ബാധിച്ചുള്ള മരണം എന്നിവയ്ക്ക് 10,000 രൂപ അനുവദിക്കുന്നുണ്ട്. അപകടത്തിൽ പരിക്ക് പറ്റുന്ന കുട്ടികൾക്ക് പരിക്കിന്റെ തീവ്രത അനുസരിച്ചുള്ള ചികിത്സാ സഹായവും നൽകുന്നുണ്ട്. (എന്നാൽ ആത്മഹത്യ ചെയ്യുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിന് അർഹതയില്ല.) |
| (ബി) | മൊത്തം എത്ര കുട്ടികൾ ഈ പദ്ധതിയുടെ കീഴിൽ വരുമെന്നാണ് കണക്കാക്കുന്നത് ; | (ബി) | ഒന്നുമുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഏകദേശം നാൽപത്തിമൂന്ന് ലക്ഷം കുട്ടികൾ ഈ പദ്ധതിയുടെ കീഴിൽ വരും. |
| (സി) | ഇതിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു ; | (സി) | 37 ലക്ഷം. |
| (ഡി) | വിദ്യാർത്ഥികളിൽ നിന്നും സ്കൂൾ അധികൃതരിൽ നിന്നും എന്തെങ്കിലും വിഹിതം വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) | ഇല്ല. |

— — —

| | | | |
|---|---|---|---|
| (ഇ) | സർക്കാർ, എയിഡഡ് തുടങ്ങി എല്ലാ മേഖലയിലുള്ള വിദ്യാർത്ഥികൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (ഇ) | സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ആനുകൂല്യം ലഭിക്കുന്നതാണ്. |
| (എഫ്) | ഇതുമായി ബന്ധപ്പെട്ട് ആലോചനാ യോഗങ്ങൾ വിളിച്ചു ചേർക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (എഫ്) | ഇക്കാര്യം സർക്കാർ തലത്തിൽ ആലോചിച്ച് തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ